LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറത്തെ പബ്ലിക് ഹെൽത്ത് ലാബിന്റെ പ്രവർത്തനം

93(2561) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് അനുവദിച്ച് മൂന്നു വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പുതിയ തീരുമാനങ്ങൾ എന്തെങ്കിലും കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നല്കുമോ?

(ബി) തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ലെങ്കിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ച് ലാബിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് തുടങ്ങുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഇതുവരെ പരിഗണിച്ചിട്ടില്ല.

(ബി) ജോലി ക്രമീകരണ വ്യവസ്ഥയിൽ മെഡിക്കൽ ഓഫീസർ, ചീഫ് ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിൽ നിയമിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർ വളരെ കുറവാണ്. ഇവരെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് മാറ്റി നിയമിച്ചാൽ അപ്രകാരമുള്ള ലാബുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും.

കാസർഗോഡ് ജില്ലയിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ

94(2562) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ നിലവിലുണ്ട്;

(ബി) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് നേഴ്സ് ഗ്രേഡ് I, ഗ്രേഡ് II അനുപാതം എത്രയാണ്;

(സി) പുതുതായി ഹെഡ്നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ?